# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 3 : മാർച്ച് 2013** **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

| | |
|---|---|
| *ധർമ്മ ന മിഥ്യാ മാന്യത,* | ധർമ്മം മിഥ്യാ മാന്യതയല്ല, |
| *ധർമ്മ ന മിഥ്യാചാർ,* | ധർമ്മം മിഥ്യാചരണവുമല്ല, |
| *ധർമ്മ ന മിഥ്യാ കല്പന,* | ധർമ്മം മിഥ്യാ കല്പനയല്ല, |
| *ധർമ്മ സത്യ കാ സാർ* | ധർമ്മം സത്യത്തിൻ സാരം. |

— **എസ. എൻ. ഗോയങ്ക**

## ഉത്തമ മംഗളം

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 38 ാം ഭാഗം)*

സാധകൻമാരുടെ മനസ്സിൽ ഒരു ചോദ്യം വീണ്ടും വീണ്ടും ഉയരാറുണ്ട്, വിശേഷിച്ച് പുതിയ സാധകരുടെ മനസ്സിൽ – സാധന ചെയ്തു ചെയ്ത് ഇത്ര കാര്യം മനസ്സിലായി – നമ്മൾ സംയമം ചെയ്യുകയാണ്. പുതിയ കർമ്മസംസ്കാരം ഉണ്ടാക്കുന്നില്ല. അനുഭൂതികളും ഉണ്ടാകുന്നു – സുഖകരവും ഉണ്ടാകുന്നു, ദുഖകരവും ഉണ്ടാകുന്നു. എന്നാൽ നമ്മൾ രാഗത്തിന്റെ സംസ്കാരം ഉണ്ടാക്കുന്നില്ല. ദ്വേഷത്തിന്റെ സംസ്കാരം ഉണ്ടാക്കുന്നില്ല. നമ്മൾ കേവലം സമതയോടെ അതിനെ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മൾ പുതിയ കെട്ടുകൾ ബന്ധിക്കുന്നില്ല. പുതിയ അഴുക്കുകൾ നിർമ്മിക്കുന്നില്ല. പുതിയ കർമ്മസംസ്കാരം ഉണ്ടാക്കുന്നില്ല, ഇത് വളരെ സ്പഷ്ടമാണ്. പക്ഷെ പഴയത് എങ്ങനെ നീങ്ങുന്നു? പഴയത് എങ്ങനെയാണ് പോയത്? ഇത് മനസ്സിലാകുന്നില്ല.

വളരെ നല്ല ചോദ്യമാണ്. ഇതിന്റെ ശരിയായ ഉത്തരമാകട്ടെ ജോലി ചെയ്തു ചെയ്ത് അനുഭൂതികൾ തന്നെ പറയും. വളരെ ക്രോധമുള്ള വ്യക്തി, ക്രോധത്താൽ വ്യാകുലനായി ക്കൊണ്ടിരിക്കുന്ന വ്യക്തി, വളരെ ചണ്ഡ സ്വഭാവമുള്ള വ്യക്തി ഈ സാധന ചെയ്തു ചെയ്ത് എങ്ങനെയാണ് സ്വഭാവത്തിനു വെളിയിൽ വരുന്നത്? ഭയത്താൽ ഭയഭീതനായിരിക്കുന്ന വ്യക്തി, കാമ വാസനയാൽ വ്യാകുലനായിക്കൊണ്ടിരിക്കുന്ന വ്യക്തി, അഹങ്കാരം നിറഞ്ഞിരിക്കുന്ന വ്യക്തി – എപ്രകാരമാണ് ഈ വികാരം നീങ്ങി പോയി ഈ വ്യാകുലതയിൽ നിന്നും വിടുതൽ നേടുന്നത്? ഇതാകട്ടെ അനുഭൂതികളിൽ നിന്നേ അറിയുകയുള്ളു. രസഗുള്ള മധുരമുള്ളതാണ് മധുരമുള്ളതാണ്. സത്യമായും മധുരമുള്ളതാണോ അല്ലയോ, ഇത് നാക്കിൽ വച്ചാൽ അറിയും. അതായത് ഇതിന്റെ പരിണാമം പറയും അപ്പോൾ മനസ്സ് ആശ്വാസപ്പെടും – സത്യമായും പഴയ വികാരങ്ങൾ നീങ്ങിയിട്ടുണ്ട്. പ്രജ്ഞയുടെ തലത്തിൽ ഈ സത്യത്തെ മനസ്സിലാക്കി, മനസ്സിലാക്കി അനുഭൂതികൾ വഴി ഈ സത്യത്തെ സ്വീകരിക്കണം. എന്നാൽ പ്രജ്ഞക്ക് ഒപ്പം തന്നെ ബുദ്ധിയുടെയും വികാസമുണ്ടാകുന്നു. അതിനാൽ, ബുദ്ധിയുടെ തലത്തിലും മനസ്സിലാക്കും എന്തെന്നാൽ 'നവം നത്ഥി സംഭവം', ഇത് ശരിയാണ്. 'നവം നത്ഥി സംഭവം', പുതിയ കർമ്മസംസ്കാരം ഉണ്ടാകുന്നില്ല. 'ഖീണം പുരാണം', പഴയത് ക്ഷീണമായി ക്കൊണ്ടുപോകുകയാണ്, ക്ഷീണമായിക്കൊണ്ടു പോകുകയാണ്. എങ്ങനെ? അപ്പോൾ ഒരു വളരെ സാമാന്യമായ, സാധാരണമായ ഉദാഹരണം – എതെങ്കിലും ബാറ്ററിയെ ചാർജ്ജു ചെയ്തുകൊണ്ടിരിക്കുകയാണ്. ചാർജ്ജു ചെയ്തു കൊണ്ടിരിക്കുകയാണ്. ചാർജ്ജു ചെയ്യുന്നത് നിറുത്തി. തന്നെത്താൻ ഡിസ്ചാർജ്ജ് ആകാൻ തുടങ്ങി, ഡിസ്ചാർജ്ജ് ആകാൻ തുടങ്ങി. ദിവസവും കാണാറുണ്ട്.

നമ്മൾ സംസ്കാരങ്ങളോടു സംസ്കാരങ്ങൾ നിർമ്മിച്ചുകൊണ്ടു പോകുകയാണ്, നിർമ്മിച്ചു കൊണ്ടു പോകുകയാണ്, അപ്പോൾ വ്യാകുലത വർദ്ധിപ്പിച്ചുകൊണ്ടു പോകുകയാണ്. നിർമ്മിക്കുന്നത് നിറുത്തിയാൽ തന്നെത്താൽ പഴയത് പോകാൻ തുടങ്ങും, പോകാൻ തുടങ്ങും.

ഒരുദാഹരണം കൂടി, വളരെയേറെ ഇന്ധനമുണ്ട്, ജ്വലനസാമഗ്രി ഉണ്ട് എന്നിട്ട് അതിനെ കത്തിക്കാനായി തീയിട്ടു. തീ കത്തി ക്കൊണ്ടിരിക്കുകയാണ്. ഈ ഇന്ധനത്തെ ചാമ്പലാക്കുന്നതിനായി തീ കത്തിക്കൊണ്ടിരി

ക്കുകയാണ്. നമ്മൾ അതിൽ വീണ്ടും ഇന്ധനം ഇട്ടുകൊണ്ടിരിക്കുയാണ്. ഇട്ടു കൊണ്ടുതന്നെ ഇരിക്കുകയാണ്. അയ്യോ, പഴയ കൂമ്പാരമാകട്ടെ താഴത്തുതന്നെ അമർന്നിരിക്കുകയാണ്. എന്നിട്ട് ഏത് പുതിയത് ഇട്ടുകൊണ്ടിരിക്കുന്നോ, അത് അല്പം കത്തുന്നു. വീണ്ടും പുതിയത് ഇട്ടുകൊണ്ടിരിക്കുന്നു, അത് അല്പം കത്തുന്നു. വീണ്ടും പുതിയ പുതിയ ഇന്ധനം ഇട്ടുകൊണ്ടിരിക്കുന്നു – അതിന്റെ കൂമ്പാരം നിർമ്മിച്ചു. അപ്പോൾ പഴയത് എങ്ങനെ ജ്വലിക്കാനാണ്? നമ്മൾ പുതിയ ഇന്ധനം ഇടുന്നത് നിറുത്തി. പിന്നെ കാണാം, തീയാകട്ടെ കത്തിക്കൊണ്ടിരിക്കുകയാണ്. കത്തിച്ചുകൊണ്ടു പോകുന്നു, കത്തിച്ചുകൊണ്ടു പോകുന്നു. പഴയ എത്ര സംഗ്രഹമുണ്ടോ, എത്ര തന്നെ കൂടുതലായാലും ശരി, കത്തി, കത്തി സമാപ്തമായിത്തീരും. പുതിയത് ഇടുന്നത് നിറുത്തിയാൽ പഴയത് നഷ്ടമായിത്തീരും. പുതിയത് ഇടുന്നത് നിറുത്തിയാൽ പഴയത് നഷ്ടമാകുന്നു, സമാപ്തമാകുന്നു. എളുപ്പത്തിൽ ആയി.

വീണ്ടും ഒരു തരത്തിൽ മനസ്സിലാക്കാം – ഈ ജീവിതധാര നടക്കുന്നതെങ്ങനെയാണ്? ജീവിതധാര എന്നാൽ നമ്മുടെ ശരീരത്തിന്റെ സന്തതി, ശരീരത്തിന്റെ ധാര. നമ്മുടെ ചിത്തത്തിന്റെ സന്തതി, ചിത്തത്തിന്റെ ധാര. ഇത് രണ്ടിന്റെയും കൂടിക്കലർന്ന ധാര – ജീവൻധാര എങ്ങനെയാണ് നടക്കുന്നത്? ഇത് നടക്കുന്നതിന് ഊർജ്ജം ആവശ്യമുണ്ട്. ഇത് നടക്കുന്നതിന് ശക്തി വേണം. ഈ ശക്തിക്കായി ആഹാരം വേണം. ഇതിന് ആഹാരം നല്കിക്കൊണ്ടുപോയാൽ, ഇത് മുന്നേറിക്കൊണ്ടു പോകും. ആഹാരം നല്കിക്കൊണ്ടു പോയാൽ ധാര മുന്നേറി ക്കൊണ്ടുതന്നെ പോകും. ആഹാരം നല്കുന്നത് നിറുത്തി. ശരീരത്തിന് എന്ത് ആഹാരമാണ് നൽകിക്കൊണ്ടിരിക്കുന്നത്? ദിവസത്തിൽ രണ്ടു പ്രാവശ്യം, മൂന്നു പ്രാവശ്യം – ഇത് ഭൗതിക ശരീരമാണ് അതിനാൽ ഇതിന് ഭൗതിക ആഹാരം വേണം. അതിനാൽ ഭൗതിക ആഹാരം കൊടുത്തുകൊണ്ടിരിക്കുകയാണ്, അപ്പോൾ ഈ ധാര നടന്നുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും ദിവസം ഉപവാസം ചെയ്തു. ഒരു ദിവസം ഭക്ഷണം കൊടുത്തില്ല, എന്നാലും ധാര ഒഴുകിക്കൊണ്ടി രിക്കുകയാണ്. രണ്ടു ദിവസം ഉപവാസം ചെയ്തു, എന്നാലും ധാര ഒഴുകികൊണ്ടിരിക്കുകയാണ്. പത്തു ദിവസത്തിന്റെ ചെയ്തു, മാസത്തിന്റെ ചെയ്തു. എന്നാലും ധാര ഒഴുകികൊണ്ടിരിക്കുകയാണ്, ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ടു മാസം കൊടുത്തില്ല, മൂന്നു മാസം കൊടുത്തില്ല. അയ്യോ, കൊടുക്കുന്നില്ല – എങ്കിൽ ശരീരം മരണപ്പെടും – ഒരു അവസ്ഥ അത്തരത്തിൽ വരും.

ആഹാരം കൊടുത്തില്ലല്ലോ! എങ്കിൽ ഇത്ര ദിവസങ്ങൾവരെ എങ്ങനെ നടന്നു? രണ്ടു മാസത്തെ അല്ലെങ്കിൽ മൂന്നുമാസത്തെ അല്ലെങ്കിൽ നാലുമാസത്തെ ഉപവാസം ചെയ്തു. ആഹാരം കൊടുക്കുന്നില്ല – അപ്പോൾ ശരീരത്തിന്റെ ജീവിതധാര എങ്ങനെ മുന്നോട്ടു പോയി? ആദ്യം എടുത്ത ആഹാരം, ഈ കൊഴുപ്പ് – ഏതൊന്ന് ഉള്ളിലുണ്ടോ, ഇവയെ ഭക്ഷിച്ചു കൊണ്ട്, ഇവയുടെ സഹായത്താൽ ഈ ശരീരത്തിന്റെ ധാര നടക്കുകയായിരുന്നു. ഇപ്പോൾ ഇതും സമാപ്തമായി അപ്പോൾ മൃത്യുവായി. ശരീരത്തിന്റെ ധാര സമാപ്തമായി.

അത്തരത്തിൽ തന്നെ ചിത്തധാര. ചിത്തധാരക്കും ആഹാരം കൂടാതെ – ചിത്തധാരക്കാകട്ടെ പ്രതിക്ഷണം ആഹാരം വേണം. പ്രതിക്ഷണം ഒന്നല്ലെങ്കിൽ മറ്റൊരു സംസ്കാരം ഉണ്ടാക്കുകയാണ്. അതിനാൽ എപ്രകാരം ആ ഭവസംസ്കാരത്തിന്റെ ശൃംഖല ഉണ്ടായിരുന്നോ – അതിൽ സംഖാര പച്ചയാ വിഞ്ഞാണം, സംഖാര പച്ചയാ വിഞ്ഞാണം – സംസ്കാരം ഉണ്ടാക്കി അപ്പോൾ അടുത്ത ക്ഷണത്തിലെ വിഞ്ഞാണം ഉണർന്നു, ഉത്പന്നമായി. സംസ്കാരം ഉണ്ടാക്കി, അടുത്ത ക്ഷണത്തിലെ വിജ്ഞാനം ഉത്പ്പന്നമായി. അതായത് അടുത്ത ക്ഷണത്തിന്റെ കോൺഷ്യസ്നസ് ഉത്പ്പന്നമായി. അടുത്ത ക്ഷണത്തിലെ ചിത്തം ഉത്പ്പന്നമായി. സംസ്കാരം ഉണ്ടാക്കി, അതിന് ആഹാരം ലഭിച്ചു, അപ്പോൾ അടുത്ത ക്ഷണത്തിലെ ചിത്തം ഉത്പ്പന്നമായി. എന്നിട്ട് ഇപ്രകാരം ധാര പ്രവഹിക്കുന്നു. നമ്മൾ സംസ്കാരം ഉണ്ടാക്കുന്നത് നിറുത്തി. ഈ ക്ഷണം വന്നു അപ്പോൾ നമ്മൾ സംസ്കാരം ഒന്നും തന്നെ ഉണ്ടാക്കിയില്ല. അപ്പോൾ അടുത്ത ക്ഷണത്തിലെ ചിത്തം, അടുത്ത ക്ഷണത്തിലെ വിജ്ഞാനം, അതാകട്ടെ സംസ്കാരത്തിൽ നിന്നേ നിർമ്മിക്കപ്പെടുകയുള്ളു. എന്നാൽ സംസ്കാരം ഉണ്ടാക്കിയില്ല എന്നിരുന്നാലും വന്നു പോകുകയാണ്. എപ്രകാരമാണ് പോകുന്നത്?

നേരത്തെയുള്ള ഏതൊരു സംഗ്രഹമുണ്ടോ, പഴയ സംസ്കാരങ്ങളുടെ ഏതൊരു സംഗ്രഹ മുണ്ടോ, അവയിൽ നിന്ന് ഏതെങ്കിലും ഒന്നിന്റെ പുറത്തുവരൽ ആകും. ഏതൊരു സംസ്കാരം അമർന്നുകിടക്കുകയായിരുന്നോ, അവയിൽ നിന്ന് ഏതെങ്കിലും ഒരു സംസ്കാരം മുകളിൽ പൊങ്ങി വന്നു. അത് പുറത്തു വന്നു. പുറത്തു വന്നു അപ്പോൾ വീണ്ടും അതിൽ നിന്നും ഒരു ചിത്തം തയ്യാറായി. വിജ്ഞാനം ആയി. വീണ്ടും നമ്മൾ ഒരു പുതിയ സംസ്കാരവും ഉണ്ടാക്കിയില്ല, അപ്പോൾ പഴയ ഏതെങ്കിലും സംസ്കാരത്തിന്റെ ഊഴം ആയി, അതിന്റെ ഫലം തരാനുള്ള ഊഴമായി. ആ ഫലം എത്രയോ സമയത്തിനു ശേഷം വരുമായിരുന്നു, എത്രയോ ദിനങ്ങൾക്ക് ശേഷമായിരിക്കും വരിക. എത്രയോ ജന്മങ്ങൾക്ക് ശേഷമായിരിക്കും വരിക. ഇപ്പോൾ അതിന്റെ ത്വരിതികരണം(വേഗതയിൽ) ആകാൻ തുടങ്ങി – നമ്മൾ പുതിയ ആഹാരം കൊടുക്കുന്നില്ല എന്നാലും ഈ ജീവിത ധാര നടന്നുകൊണ്ടിരിക്കുകയാണ് – സംസ്കാരങ്ങളുടെ ബലത്തിൽ തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

കർമ്മസംസ്കാരങ്ങളുടെ ബലത്തിൽ തന്നെയാണ് ഈ ഭവധാര നടക്കുന്നത്, ജീവൻധാര നടക്കുന്നത്. അപ്പോൾ ഒന്നല്ലെങ്കിൽ മറ്റൊരു പഴയ സംസ്കാരം സ്വന്തം തല പൊക്കുന്നു. അതിന്റെ ഫലം ഇപ്പോൾ വരുന്നു കൂടാതെ ഇതേ സംവേദനകളുടെ രൂപത്തിൽ തന്നെയാണ് വരുന്നത്. നമ്മൾ പുതിയ സംസ്കാരം ഉണ്ടാക്കുന്നില്ല. ഉണ്ടാക്കുന്നില്ലെങ്കിൽ ഏതൊന്ന് പുറത്തു വന്നുവോ ആ സംസ്കാരം ദുർബലമായി. ദുർബലമായി എങ്കിൽ ജീർണ്ണമായി. ജീർണ്ണമായി എങ്കിൽ ജർജ്ജരിതമായി. ജർജ്ജരിതമായപ്പോൾ ക്ഷയമായി. സമാപ്തമായി. അതിന്റെ സംവർദ്ധനം നടക്കുന്നില്ല.

പഴയ സംസ്കാരം പൊന്തി പുറത്തു വന്ന ഉടനെതന്നെ നമ്മൾ അതിൽ അതേ പ്രകാരത്തിലുള്ള പുതിയ സംസ്കാരത്തിന്റെ ഇൻപുട്ട് കൊടുത്തു, വർദ്ധിക്കാൻ തുടങ്ങി, അപ്പോൾ അതിന്റെ സംവർദ്ധനം ആകാൻ തുടങ്ങി. മൾട്ടിപ്ലിക്കേഷൻ ആകാൻ തുടങ്ങി.

നമ്മൾ നമ്മുടെ കൈ പിൻവലിച്ചു. ഇപ്പോൾ പുതിയ സംസ്കാരം ഉണ്ടാക്കുന്നില്ല, അപ്പോൾ പഴയത് പുറത്തു വന്നു, നമ്മൾ സമതയിലാണ്, പുതിയ സംസ്കാരങ്ങൾ തീർത്തും ഉണ്ടാക്കാനെ സമ്മതിക്കുന്നില്ല. അപ്പോൾ തന്നെത്താൻ അവ ദുർബലമായി ആയി ജീർണ്ണമാകും, അതിന്റെ ക്ഷയമാകും. ഇത്രയുമാകുമ്പോൾ രണ്ടാമത്തെത് ഉയരും, മൂന്നാമത്തേത് ഉയരും. ഇപ്രകാരം ഒന്നിനു മേലെ ഒന്ന്, ഒന്നിനു മേലെ ഒന്ന് വളരെ ശീഘ്ര ഗതിയിൽ ഉയർന്നുവരും, അവ പുറത്തുവന്നു കൊണ്ടിരിക്കും, അവർ ജീർണ്ണമായിക്കൊണ്ടിരിക്കും, അവ ഇല്ലാതായിക്കൊണ്ടിരിക്കും.

ഈ പഴയത് ഉയർന്നു വരികയല്ലെ – പഴയ സംസ്കാരങ്ങളുടെ എത്ര വലിയ കൂമ്പാരമാണ് കൊണ്ടു നടക്കുന്നത്. ഇവ ഉയർന്നു വരും, പുതിയത് ഇടുന്നത് നിറുത്തിയാലെ ഉയർന്നു വരികയുള്ളു. പുതിയ ഇന്ധനം – ആ തീയിൽ പുതിയ ഇന്ധനം ഇട്ടുകൊണ്ട് പോകുകയാണ്. – പഴയതാകട്ടെ അതുപോലെ തന്നെ അമർന്നു കിടക്കുകയാണ്. പുതിയ ഇന്ധനത്താൽ ഈ തീ പുതിയത് പുതിയത് തയ്യാറായി കൊണ്ടു പോകുകയാണ് – പഴയ ഇന്ധനം – എങ്ങനെ അതിന്റെ ഊഴം വരാനാണ്? വളരെ ഋജുവായ കാര്യമാണ് എന്തെന്നാൽ പുതിയ സംസ്കാരം ഉണ്ടാക്കുന്നത് നിറുത്തണം. പഴയതിനെ ഇല്ലാതാക്കുന്നതിനായി ഒരു ചിന്തയും വേണ്ട. നിങ്ങൾക്ക് ഒന്നും തന്നെ ചെയ്യേണ്ടതില്ല. പഴയത് തന്നെത്താൻ അവസാനിക്കുകയാണ്. പഴയത് പുറത്തു വരുന്നു, ജീർണ്ണമാകുന്നു, പുറത്തുവരുന്നു, ജീർണ്ണമാകുന്നു, പഴയതിന്റെ ക്ഷയം തന്നെത്താൻ ആകും. എന്തെന്നാൽ നമ്മൾ പുതിയ ഇന്ധനം കൊടുക്കുന്നത് നിറുത്തി അതായത് നമ്മൾ സമതയിൽ സ്ഥാപിക്കപ്പെട്ടു.

ഇത്ര സരളം, ഋജുവായ കാര്യം. ചെയ്യുവാൻ വളരെ ബുദ്ധിമുട്ടാണ്. പറയാൻ വളരെ എളുപ്പമാണ്. ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കാനും വളരെ എളുപ്പമാണ്. എന്നാൽ ചെയ്യാൻ വളരെ ബുദ്ധിമുട്ടാണ്. അഭ്യാസം ചെയ്തുചെയ്ത് സാധകൻ കാണും, വീണ്ടും വീണ്ടും പുതിയ സംസ്കാരം തന്നെയാണ് ഉണ്ടാക്കുന്നത്, പുതിയ സംസ്കാരം തന്നെയാണ് ഉണ്ടാക്കുന്നത്. എന്തെങ്കിലും അനുഭവമായി അപ്പോൾ പ്രതിക്രിയ ചെയ്തു, ശരീരത്തിൽ എന്തെങ്കിലും അനുഭവമായി ഉടൻ പ്രതിക്രിയ ചെയ്തു. അപ്പോൾ രാഗത്തിന്റെ അല്ലെങ്കിൽ ദ്വേഷത്തിന്റെ ചെയ്തു. അപ്പോൾ സംസ്കാരം തന്നെയാണ് ഉണ്ടാക്കിയത്. കർമ്മസംസ്കാരം തന്നെയാണ് ഉണ്ടാക്കിയത്. ഇടക്കിടക്ക് ബോധം വരുന്നു. അയ്യോ, ഇല്ല. ഞാൻ വളരെ ദുഖം വാരിക്കൂട്ടിയിരിക്കുകയാണ്. ഞാൻ വളരെ ബന്ധനം ബന്ധിച്ചിരിക്കുകയാണ്. അയ്യോ ഇല്ല. ഇനി ഇല്ല.

അപ്പോൾ നില്ക്കുന്നു, സാക്ഷിഭാവത്താൽ നോക്കുന്നു. ഒരു ക്ഷണമെങ്കിലും അത്തരത്തിൽ ലഭിക്കുകയാണെങ്കിൽ, വളരെ മംഗളമായി –. ആ ഒരു ക്ഷണത്തിൽ പഴയ സംസ്കാരം പുറത്തു വന്നു എന്നിട്ട് നഷ്ടമായി, മാത്രമല്ല വേരോടെ പുറത്തു വന്നു എന്നിട്ട് നഷ്ടമായി അപ്പോൾ എത്രയോ വലിയ കൂമ്പാരമാണ് നഷ്ടമായത്. ഒരു ക്ഷണം തന്നെ വർദ്ധിച്ചു വർദ്ധിച്ച് അനേകം ക്ഷണം, അനേകം സെക്കൻഡ്, അനേകം മിനിട്ട്, അഭ്യാസം ചെയ്തുചെയ്ത് മനസ്സിന്റെ – അന്തർമനസ്സിന്റെ ആഴത്തിലുള്ള മനസ്സിന്റെ സ്വഭാവക്കുരിക്കിൽ നിന്നും ഇതിനെ പുറത്തു കൊണ്ടു വരേണ്ടതുണ്ട്. ഇതിന്റെ ശൈലി മാറ്റേണ്ടതുണ്ട്, സ്വഭാവ ശൈലി മാറ്റേണ്ടതുണ്ട്. ഇതിന്റെ ഹാബിറ്റ് പാറ്റേൺ മാറ്റേണ്ടതുണ്ട്. മതി, ഇതേ ജോലിയാണ് ചെയ്യേണ്ടത്. സമതയിൽ സ്ഥിതമാകണം, ഇത്രയെങ്കിലും ചെയ്യണം. എല്ലാ അവസ്ഥയിലും സമത നില നില്ക്കണം. എല്ലാ അനുഭൂതിയും, ശരീരത്തിൽ നടന്നു കൊണ്ടിരിക്കുന്ന എല്ലാ അനുഭൂതിയും നമ്മുടെ ഉള്ളിൽ പ്രജ്ഞയേ ഉണർത്താവു അതായത് സമതയേ ഉണർത്താവു.

മതി ഇത്രയെങ്കിലും മനസ്സിലാക്കിക്കൊണ്ട് ജോലിയിലേർപ്പെട്ടാൽ ആവരണങ്ങളെല്ലാം ഇല്ലാതായിക്കൊണ്ടു പോകും –. 'നവം നത്ഥി സംഭവം' കൂടാതെ 'ഖീണം പുരാണം, ഖീണം പുരാണം' ഇല്ലാതായിക്കൊണ്ടു തന്നെ പോയിക്കൊണ്ടിരിക്കും.

ഇത്ര ഋജുവായ കാര്യം, എന്നാലും ജോലി ചെയ്യേണ്ടതു തന്നെ ഉണ്ട്! ആരുടെയെങ്കിലും കൃപകൊണ്ട് മുഴുവൻ പഴയ കർമ്മ സംസ്കാരങ്ങളും നീങ്ങിപ്പോകും എന്നിട്ട് ഞാൻ മുക്തനായിത്തീരും – ഇതിലും വലിയ ചതി വേറെ ഒന്നും തന്നെയില്ല. ഞാൻ തന്നെയാണ് ഈ സംസ്കാരം ഉണ്ടാക്കിയത്. മറ്റാരെങ്കിലും ഉണ്ടാക്കിയതല്ല. സ്വന്തം അജ്ഞാന അവസ്ഥയിൽ, സ്വന്തം അബോധ അവസ്ഥയിൽ, അവിദ്യയുടെ അവസ്ഥയിൽ സംസ്കാരങ്ങളോടു സംസ്കാരങ്ങൾ, എത്രയോ ജന്മങ്ങളായി നിർമ്മിച്ചുകൊണ്ടു വരികയായിരുന്നു. ഒരുപടി കൂനകൾ ശേഖരിച്ചു. അതിനെ നീക്കം ചെയ്യേണ്ടത് എന്റെ ചുമതലയാണ്.

എനിക്ക് ആരെങ്കിലും വഴി പറഞ്ഞു തരും. ആര് ഈ വഴിയിൽ നടന്നുവോ അവരെ വഴി പറഞ്ഞു തരുകയുള്ളു. ഈ വഴി ആരോ തിരഞ്ഞു കണ്ടു പിടിച്ചു. ഏതെങ്കിലും സമ്യക് സംബുദ്ധൻ – അതിനാൽ അദ്ദേഹത്തെ 'മഗ്ഗ ഗവേഷി' എന്നു വിളിക്കുന്നു. അദ്ദേഹം സമ്യക് സംബുദ്ധനാകും – നഷ്ടപ്പെട്ട മാർഗ്ഗത്തെപ്പറ്റി ഗവേഷണം ചെയ്യും. മഗ്ഗ ഗവേഷി, മഗ്ഗക്ഖായി – മാർഗ്ഗത്തിന്റെ വിവരണം ചെയ്യുന്ന വ്യക്തി, മാർഗ്ഗത്തെ മനസ്സിലാക്കിത്തരുന്ന വ്യക്തി. ഒരു സമ്യക് സംബുദ്ധന്റെയും വേറൊരു സംമ്യക് സംബുദ്ധന്റെയും ഇടക്ക് എത്രയോ വലിയ ഇടവേള. അതിനാൽ ശബ്ദത്തിന്റെ പ്രതിധ്വനി നടന്നു കൊണ്ടേയിരിക്കുന്നു. അതേ ശബ്ദം, അയ്യോ, ശബ്ദം തന്നെ ശബ്ദം. അതിന്റ അഭ്യാസം ചെയ്യാൻ മറന്നു പോയി. അതിനാൽ ശബ്ദങ്ങളുടെ അർത്ഥവും മറന്നു പോയി. കേവലം ശബ്ദം അവശേഷിച്ചു. അതിനാൽ ആരെങ്കിലും അന്വേഷിക്കുന്നു. അത്തരം വ്യക്തി – അദ്ദേഹം അസംഖ്യ ജന്മങ്ങളായി ധർമ്മത്തിന്റെ ബലം, ധർമ്മത്തിന്റെ ബലം – മറി കടക്കാനുള്ള പാരമിതകളുടെ ബലം ശേഖരം ചെയ്ത് ചെയ്ത് ചെയ്ത് ആ അവസ്ഥ നേടി – ഇനി നഷ്ടമായ മാർഗ്ഗത്തെ തിരഞ്ഞു കണ്ടു പിടിക്കും – എന്നിട്ട്

തിരഞ്ഞു കണ്ടു പിടിച്ച് സ്വന്തം നന്മ മാത്രമല്ല ചെയ്യുക, ജനങ്ങളെയും പഠിപ്പിക്കും.

ഇതുതന്നെയാണ് പഠിപ്പിക്കുക, ഉള്ളിലെ അനുഭൂതിയെ അറിയുക എന്നിട്ട് പുതിയ സംസ്കാരം ഒന്നും തന്നെ ഉണ്ടാക്കരുത്. കഴിഞ്ഞു, കാര്യം ഇത്ര മാത്രം. സമതയിൽ സ്ഥിതി ചെയ്യുക. ഉള്ളിൽ സമത നില നിറുത്തുക, പുറത്ത് സമത നിലനിർത്തുക. ഒരേ ഒരു കാര്യം. ആരെങ്കിലും ഭിക്ഷുവാണെങ്കിലും ശരി, ഭിക്ഷുണിയാണെങ്കിലും ശരി. ഗൃഹസ്ഥപുരുഷനാണെങ്കിലും, സ്ത്രിയാണെങ്കിലും ശരി മാർഗ്ഗം അതുതന്നെയാണ്. ആര് ഗൃഹസ്ഥനാണോ, ആ പാവങ്ങൾക്ക് കഷ്ടപ്പാട് ഉണ്ട്. തലയിൽ അനേകം ചുമതലകൾ പോറ്റിക്കൊണ്ട് നടക്കുകയാണ്. അനേകം തടസ്സങ്ങൾ വരുന്നു. ആര് ഗൃഹത്യാഗിയായോ, അവന് ജോലി എളുപ്പമായി. ജോലി ചെയ്യുകയാണെങ്കിൽ വളരെ എളുപ്പമാണ്. വളരെ ചുമതലയില്ല, ഭിക്ഷാപാത്രമുണ്ട്, ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം ഭിക്ഷയായി ലഭിച്ചു. ഒന്നോ രണ്ടോ ജോഡി വസ്ത്രമുണ്ട്, മതി. രാത്രി എവിടെയെങ്കിലും കഴിച്ചു കൂട്ടി എന്നിട്ട് ഇതിൽ തന്നെ ഏർപ്പെട്ടിരിക്കുകയാണ്. ഇതിൽ തന്നെ ഏർപ്പെട്ടിരിക്കുകയാണ്. അവർക്ക് മുന്നേറാൻ വളരെ എളുപ്പമാണ്. എന്നാൽ ഗൃഹസ്ഥനായാലും ശരി, അവനും മുക്ത അവസ്ഥവരെ എത്തിച്ചേരേണ്ടതുണ്ട്. അതിനാൽ പതുക്കെയാകാം നടക്കുന്നത്. എന്നാൽ അതേ മാർഗ്ഗത്തിലൂടെയാണ് നടക്കുന്നത്. നടന്നു നടന്നു നടന്ന് ആ അവസ്ഥയിൽ എത്തിച്ചേരുന്നു.

വീണ്ടും വീണ്ടും ജനങ്ങൾ വന്നിരുന്നു. ഒരുപാട് ഗൃഹസ്ഥർ ഇതേ വിദ്യ പഠിച്ച് നന്മയുടെ മാർഗ്ഗത്തിൽ വന്നു, മുക്തിയുടെ മാർഗ്ഗത്തിൽ വന്നു. വരികയാണ്, ഞങ്ങൾക്ക് ഗൃഹത്യാഗികളാകാൻ കഴിയില്ല. ഞങ്ങൾക്ക് ഗൃഹസ്ഥ ജീവിതം നയിക്കേണ്ടതുണ്ട് കൂടാതെ മുക്ത അവസ്ഥയിലും എത്തിച്ചേരേണ്ടതുണ്ട് അപ്പോൾ എന്തു ചെയ്യാനാണ്, എങ്ങനെ ചെയ്യാനാണ്? ഭഗവാൻ മനസ്സിലാക്കിക്കൊടുത്തു, സ്വന്തം മുഴുവൻ ചുമതലകളും നിർവ്വഹിച്ചുകൊണ്ട് – ഗൃഹസ്ഥനാണെങ്കിൽ മാതാപിതാവിനോടുള്ള ചുമതല എന്താണ്, ഭാര്യ, പുത്രനോടുള്ള ചുമതല എന്താണ്, കുടംബത്തിലെ മറ്റുള്ള ആൾക്കാരോടുള്ള ചുമതല എന്താണ്, സമൂഹത്തോടുള്ള ചുമതല എന്താണ് ഇതു മുഴുവൻ നിർവ്വഹിച്ചുകൊണ്ട്, ശീലത്തിന്റെ ജീവിതം ജിവിക്കുന്നതിന് പ്രയത്നിക്കുക. സമാധിയുടെ അഭ്യാസം ചെയ്യുക. പ്രജ്ഞ ഉണർത്തിക്കൊണ്ട് സ്വന്തം മനസ്സിന്റെ വികാരങ്ങളെ നീക്കുന്നതിന് ജോലി ചെയ്യുക. നിങ്ങളുടെ മംഗളം ഇതിലാണ്. ഉത്തമ മംഗളമാണ്. ധർമ്മത്തിന്റെ പാതയിൽ നടക്കാൻ തുടങ്ങിയാൽ അപ്പോൾ ഉത്തമ മംഗളമാണ്.

ഒരു അവസരത്തിൽ ഗൃഹസ്ഥർക്കായിയുള്ള ഏതൊരു ഉത്തമ മംഗമുണ്ടോ, അതിനെ മനസ്സിലാക്കിക്കൊടുത്തു. മുപ്പത്തിഎട്ട് ഉത്തമ മംഗളം. കൂടാതെ ഒന്നിൽ നിന്നും രണ്ടാമത്തേത് അധികം ഉയർന്നത്, മൂന്നാമത്തേത് അധികം ഉയർന്നത്, ഇങ്ങനെയായി ക്കൊണ്ട് അന്തിമ ശിക്ഷണത്തിൽ വന്നു, അന്തിമ ഉപദേശത്തിൽ വന്നു. ഉത്തമ മംഗളത്തിന്റെ അന്തിമ അവസ്ഥയിൽ വന്നപ്പോൾ പറയുകയാണ്.

'ഫുട്ഠസ്സ ലോക ധമ്മേഹി ചിത്തം യസ്സ് ന കമ്പതി,
അസോകം വിരജം ഖേമം, ഏതം മംഗളമുത്തമം'.

ഉത്തമ മംഗളമാണ്. 'ഫുട്ഠസ്സ ലോക ധമ്മേഹി' ഈ ലോക ധർമ്മങ്ങളുടെ സ്പർശം ആയിക്കൊണ്ടു തന്നെയിരിക്കുന്നു. ജീവനിൽ ലോകധർമ്മങ്ങളുടെ സ്പർശം നടന്നുകൊണ്ടേയിരിക്കുന്നു. ലോകധർമ്മം എന്താണ്? എട്ടു പ്രകാരത്തിലുള്ള ലോക ധർമ്മം ഉണ്ട്. സുഖവും വരുന്നു, ദുഖവും വരുന്നു, പ്രശംസയും വരുന്നു, നിന്ദയും വരുന്നു. പരാജയവും ഉണ്ടാകുന്നു, വിജയവും ഉണ്ടാകുന്നു. മനസ്സിനിണങ്ങിയതും ഉണ്ടാകുന്നു, മനസ്സിനിണങ്ങാത്തതും ഉണ്ടാകുന്നു. ഈ ദ്വന്ദങ്ങളിലൂടെ ജിവൻ കടന്നുപോകുക തന്നെ ചെയ്യുന്നു. എന്നാൽ 'ചിത്തം യസ്സ് ന കമ്പതി'. ഇത്തരം അവസ്ഥകളിൽ, ഇത്തരം കയറ്റം ഇറക്കങ്ങളിൽ, ഇത്തരം വസന്തത്തിലും വേനലിലും ആരുടെ ചിത്തം വിചലിതമാകുന്നില്ലയോ, ആരുടെ ചിത്തം അസന്തുലിതമാകുന്നില്ലയോ, സമതയിൽ ഇരിക്കുന്നുവോ സന്തുലിതമായിരിക്കുന്നുവോ, ആ വ്യക്തി 'അസോകം', മുഴുവൻ ശോകത്തിൽ നിന്നും ദൂരെപ്പോകുന്നു. മുഴുവൻ ദുഖങ്ങളിൽ നിന്നും ദൂരെപ്പോകുന്നു. 'വിരജം' അല്പം പോലും രജമില്ല. അല്പം പോലും മാലിന്യമില്ല. ചിത്തം വിരജമാണ്, വിമല അവസ്ഥയെ പ്രാപിക്കുന്നു. 'ഖേമം', 'യോഗക്ഷേമ' അവസ്ഥ നേടുന്നു. മുക്ത അവസ്ഥ നേടുന്നു. നിർവ്വാണ അവസ്ഥ നേടുന്നു. ഇന്ദ്രിയാതീത അവസ്ഥ നേടുന്നു.

ഈ സമതയുടെ സഹായത്താൽ ''ഏകൈ സാധെ സബ് സധെ' – സമത എന്തിനെപ്പറ്റിയാണ്? സ്വന്തം ശരീരത്തിൽ ഏതൊരു അനുഭൂതി ഉണ്ടാകുന്നോ, സ്വന്തം ചിത്തത്തിൽ ഏതൊരു അനുഭൂതി ഉണ്ടാകുന്നോ അതിനെപ്പറ്റി സമത തന്നെ സമത, സമത തന്നെ സമത – അപ്പോൾ മുന്നേറിക്കൊണ്ടു തന്നെ പോകും. ബാധയും വരുമായിരിക്കും. കൂടാതെ ചിലപ്പോൾ വീഴുമായിരിക്കും – വീണ്ടും എഴുന്നേൾറ്റ് നിൽക്കണം. വീണ്ടും നടക്കാൻ തുടങ്ങണം. നടന്നു കൊണ്ടു പോകണം. നടന്നു കൊണ്ടു പോകുണം. എത്ര എത്ര സമത പുഷ്ടമായിക്കൊണ്ടു പോകുമോ, അത്ര അത്ര വികാരങ്ങൾ നീങ്ങിക്കൊണ്ടു പോകും. കർമ്മ സംസ്കാരങ്ങളിൽ നിന്നും വിടുതൽ നേടിക്കൊണ്ട് പോകും. അത്ര അത്ര ബന്ധനങ്ങൾ തുറക്കപ്പെടും. അത്ര അത്ര മംഗളം നേടിക്കൊണ്ടിരിക്കും. ഉത്തമമംഗളം തന്നെ ഉത്തമമംഗളം. ശരിക്കും ഉത്തമമംഗളം.

കൂടാതെ ഈ മഹാപുരുഷൻ ഏതൊന്ന് ജനങ്ങളെ പഠിപ്പിക്കുമായിരുന്നോ, അത് സ്വന്തം ജീവിതത്തിൽ ധാരണം ചെയ്യുമായിരുന്നു. ഏതൊന്ന് പറഞ്ഞിരിന്നോ അത് സ്വയം ചെയ്യുമായിരുന്നു. 'യഥാ വാദി തഥാ കാരി, യഥാ കാരി തഥാ വാദി'. നമ്മുടെ ഇവിടെയാകട്ടെ അത്തരം വളരെ ഉപദേശകാരുണ്ടായിരുന്നു. അവർ വലിയ വലിയ ഉപദേശം തരുമായിരുന്നു. വളരെ വലിയത്. മുക്ത അവസ്ഥവരെ എത്തിച്ചേർക്കാനുള്ള ഉപദേശം. എന്നാൽ ജീവനിൽ കൊണ്ടുവരാനുള്ള ഒരു ജോലിയും ചെയ്തില്ല. കൂടാതെ മറ്റുള്ളവർക്കും അവയെ ജീവനിൽ കൊണ്ടു വരാനുള്ള വിദ്യ പഠിപ്പിക്കാൻ കഴിഞ്ഞില്ല. അതിനാൽ സഹോദര, വെറും ബുദ്ധിവിലാസമാണ്, വാണിവിലാസമാണ്. ലാഭം ഉണ്ടായില്ല. എന്നാൽ ഈ വ്യക്തിയാകട്ടെ 'മഗ്ഗ

ഗവേഷി' ആണ്. അദ്ദേഹം മാർഗ്ഗത്തെ ഗവേഷണം ചെയ്തു, അന്വേഷിച്ചു, ഇപ്രകാരത്തിൽ, ഇപ്രകാരത്തിൽ ചിത്തത്തെ ആഴങ്ങൾ വരെ സമതയിൽ സ്ഥാപിതമാക്കാവുന്നതാണ്. പുറമെ പുറമെ നമ്മൾ ചിത്തത്തെ സമതയിൽ സ്ഥാപിച്ചു, എന്നാൽ താഴെ ഉള്ളിന്റെ ഉള്ളിലാകട്ടെ കൊടുംകാറ്റ് നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ആ കൊടുങ്കാറ്റുകളുടെ കാരണത്താൽ രാഗത്തോടു രാഗം, ദ്വേഷത്തോടു ദ്വേഷം – എപ്പോൾ നോക്കിയാലും രാഗരഞ്ജിതമാണ്, എപ്പോൾ നോക്കിയാലും ദ്വേഷദൂഷിതമാണ്, അന്തർമനസ്സ് അത്തരം മോഹവിമുഢ അവസ്ഥയിലൂടെയാണ് കടന്നു പോയികൊണ്ടിരിക്കുന്നത്. അതിനാൽ വിടുതൽ കിട്ടിയില്ല. ബന്ധനങ്ങളാകട്ടെ എവിടെയാണ് കെട്ടുന്നത് – അന്തർ മനസ്സിന്റെ ആഴങ്ങളിൽ കെട്ടുകൾ കെട്ടുന്നു. വികാരങ്ങളുടെ ഉദ്ഗമമാകട്ടെ അവിടെയാണ്, അന്തർ മനസ്സിന്റെ ആഴങ്ങളിലാണ്. അയ്യോ, അവിടെവരെ എത്തിച്ചർന്നതേ ഇല്ല. പുറമെ പുറമെ ബുദ്ധിയുടെ തലത്തിൽ തന്നെയാണ് – ഞാൻ രാഗം ചെയ്യില്ല, ഞാൻ ദ്വേഷം ചെയ്യില്ല. നല്ല കാര്യം. രാഗം ചെയ്യൽ വളരെ ചീത്തയാണ്, ദ്വേഷം ചെയ്യൽ വളരെ ചീത്തയാണ്. ബുദ്ധി മനസ്സിലാക്കാൻ തുടങ്ങിയാലും – രാഗം ചെയ്തുകൊണ്ട് നമ്മൾ നമ്മുടെ ദോഷം ചെയ്യുകയാണ്, ദ്വേഷം ചെയ്തുകൊണ്ട് നമ്മൾ നമ്മുടെ ദോഷം ചെയ്യുകയാണ് – എന്ന് ഏത് വ്യക്തിക്കൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലയോ, ആ വ്യക്തികളെക്കാളും നല്ലവരാണ് ആസക്തി ജനിപ്പിച്ചുകൊണ്ട് സ്വന്തം ദോഷം ചെയ്തു കൊണ്ടിരിക്കുന്നവർ.

ഏതൊരു വികാരം ഉണർത്തിയാലും നമ്മൾ നമ്മൾക്ക് ദോഷം ചെയ്തുകൊണ്ടിരിക്കുകയാണ്. ഏതൊരു വികാരം ഉണർന്നുവോ, അത് ഏറ്റവും ആദ്യം നമ്മളെ ആക്രമിക്കുന്നു. ക്രോധം ഉണർത്തിയാൽ അതിന്റെ ആദ്യത്തെ ഇര ഞാൻ സ്വയം ആയി. അതിനാൽ മറ്റൊരു വ്യക്തിക്ക് ഹാനി ഉണ്ടായോ ഇല്ലയോ ഇത് പിന്നീടുള്ള കാര്യം. ഇല്ലായിരിക്കാം ഇതു വേറെ കാര്യം കൂടാതെ ഉണ്ടാകുകയാണെങ്കിലും പിന്നീടെ ഉണ്ടാകുകയുള്ളു. ആദ്യം എന്റെ ഹാനിയായി. ഏതൊരു വികാരം ഉണർത്തിയോ, അത് ആദ്യം എന്റെ ഹാനി ചെയ്തു. ഈ കാര്യം മനസ്സിലാകാൻ തുടങ്ങണം. അനുഭൂതിയാൽ മനസ്സിലാകാൻ തുടങ്ങണം. അപ്പോൾ ആഴങ്ങൾ വരെ സമത സ്ഥാപിക്കും. അതല്ലെങ്കിൽ പുറമെപുറമെ ബുദ്ധി പറയുന്നു, ശ്രദ്ധയും പറയുന്നു, അയ്യോ, ഭഗവാൻ ബുദ്ധന്റെ വാണി ഇത്തരത്തിലാണ് ഭഗവാൻ മഹാവീരന്റെ വാണി ഇത്തരത്തിലാണ്. ഗീതയുടെ വാണി ഇത്തരത്തിലാണ്, ബൈബിൾ ഇങ്ങനെയാണ് പറയുന്നത്. ഖുറാൻ ഇങ്ങനെയാണ് പറയുന്നത്, വേദം ഇങ്ങനെയാണ് പറയുന്നത്. നമ്മൾ മനസ്സ് മലിനമാക്കിക്കൂടാ. എല്ലാവരും അങ്ങനെ തന്നെയാണ് പറയുന്നത്, മനസ്സ് മലിനമാക്കിക്കൂട. സത്യമായും ചെയ്യരുത്. ഞാൻ സ്വന്തം മനസ്സിനെ മലിനമാക്കില്ല.

ഈ ചിന്ത നടക്കുന്നത് എവിടെയാണ്? മനസ്സിന്റെ പുറമെ പുറമെയുള്ള ഭാഗത്തിൽ, വളരെ ചെറിയ ഭാഗത്തിൽ, പരിത്ത ചിത്തത്തിൽ, ആ പരിമിത ചിത്തത്തിൽ, ബുദ്ധിയുടെ തലത്തിൽ, ഇന്റലക്റ്റിന്റെ തലത്തിൽ. നമ്മുടെ ഇന്റലകറ്റ് ആകട്ടെ നിർമ്മലമായിക്കൊണ്ടിരിക്കുകയാണ്. ബുദ്ധിയാകട്ടെ നിർമ്മലമായിക്കെണ്ടിരിക്കുകയാണ്. ബുദ്ധിതന്നെ നിർമ്മലം ആണെങ്കിൽ അതിനും സ്വന്തം ലാഭമുണ്ട്. എന്നാൽ വേരുകൾ മലിനമാണെങ്കിൽ വോരുകൾ രോഗിയാണെങ്കിൽ മുക്തി വളരെ ദൂരെയാണ്. ഭവവിമുക്തമാകൽ വളരെ ദൂരെയാണ്.

അതിനാൽ വേരുകൾ നന്നാകേണ്ടതുണ്ട്. മാത്രമല്ല വേരുകൾ നന്നാകുന്നതിനു വേണ്ടിതന്നെയാണ് ഈ മാർഗ്ഗ-ഗേവേഷി മാർഗ്ഗം അന്വേഷിച്ചു കണ്ടുപിടിച്ചത്. പുറമെ പുറമെയുള്ള കാര്യങ്ങളല്ല. വെറും ഉപദേശമല്ല. വെറും തർക്കവിതർക്കമല്ല. ഉള്ളുവരെ എങ്ങനെ പോകാം – മനസ്സിന്റെ ആഴങ്ങൾവരെ പോയി അവിടെ സംയമം ചെയ്യണം. അവിടെ സാമായികം ആകണം. അവിടെ കായോത്സർഗം ആകണം. ശരീരത്തിനെപ്പറ്റി 'ഞാൻ' 'എന്റെ' എന്ന ഭാവം ഇല്ല. അവിടെ പ്രതിക്രമണം ആകണം. അത്രിക്രമണം ആയി വീണ്ടും പ്രതിക്രമണം ചെയ്തു. അതിക്രമണം ആയി, വീണ്ടും പ്രതിക്രമണം ചെയ്തു. ഇങ്ങനെ ചെയ്തു ചെയ്ത് ആ അന്തർമനസ്സിന്റെ സ്വഭാവത്തെ മറിക്കണം. അത് മറിഞ്ഞു, അത് നന്നായാൽ അതിന്റെ പ്രഭാവം തന്നെത്താൻ മുകൾവരെ വന്നു. മുകളിലുള്ളത് മാറിയാൽ അതിന്റെ പ്രഭാവം താഴെവരെ പോകുന്നില്ല. തടിച്ച തടിച്ച ഒരുപാട് ചുമരുകളുണ്ട്. താഴെയുള്ളത് മാറിയാൽ അതിന്റെ മുഴുവൻ പ്രഭാവം മുകൾ വരെ വന്നു. മതി, മുകൾവരെ വന്നാൽ മുഴുവൻ മനസ്സും നിർമ്മലമാകാൻ തുടങ്ങി. വിരജമാകാൻ തുടങ്ങി. വിമലമാകാൻ തുടങ്ങി. അപ്പോൾ മുക്തമാകാൻ തുടങ്ങി.

മുക്തിയുടെ എത്ര സ്പഷ്ടമാർഗ്ഗമാണ്. ജോലിയാകട്ടെ ചെയ്യേണ്ടതുതന്നെ ഉണ്ട്. ആര് ജോലി ചെയ്യുമോ, ആര് പരിശ്രമം ചെയ്യുമോ, ആര് പുരുഷാർത്ഥം ചെയ്യുമോ, അവരുടെ മംഗളം തന്നെ മംഗളം അവരുടെ നന്മ തന്നെ നന്മ. അവരുടെ സ്വസ്ഥി തന്നെ സ്വസ്ഥി. അവരുടെ മുക്തി തന്നെ മുക്തി.